**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു. കേരള ഹൈക്കോടതിയുടെ 21.03.2018 ലെ WP(C) 18925/2012 നമ്പർ വിധിന്യായം പാലിച്ച് കൊണ്ട് എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. പി.കെ മേരിയെ ടി ഓഫീസിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 159/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം, 04/11/2018**

---

പരാമർശം : 1. ബഹു. കേരള ഹൈക്കോടതിയുടെ 21.03.2018 ലെ WP(C) 18925/2012 നമ്പർ വിധിന്യായം.

2. പഞ്ചായത്ത് ഡയറക്ടറുടെ 14.11.2016, 10.07.2018, 31.08.2018 തീയതികളിലെ ഇ 9-46607/14 നമ്പർ കത്തുകൾ.

3. ശ്രീമതി. പി.കെ മേരിയുടെ 14.08.2018 ലെ സത്യവാങ്മൂലം

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. പി.കെ മേരി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) 18925/2012 നമ്പർ ഹർജിയിൽ പരാമർശം (1) പ്രകാരം ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരിയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമാക്കുന്നതിനും ആയതിൻമേൽ 25.11.2005 ലെ സ.ഉ(പി) 501/2005/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 04.03.2015 ലെ തീരുമാനത്തിൽ പ്രസ്താവിച്ചിട്ടുള്ളത് പോലെ ടിയാൾക്ക് ആദ്യ നിയമനം നൽകിയ 2004 സെപ്റ്റംബർ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനും ബഹു. ഹൈക്കോടതി നിർദേശിച്ചു. ശ്രീമതി. പി.കെ മേരിയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (2) ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 10/04/2018 തീയതിയിലെ 58/2018/ധന ഉത്തരവിൽ, ഉത്തരവ് തിയതി മുതൽ മാത്രം പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ക്രമവൽകരണത്തിന് പ്രാബല്യം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നത് സർക്കാരിന് വളരെയധികം സാമ്പത്തിക ബാധ്യതയ്ക്ക് കാരണമാകുന്നതിനാലാണ് ഉത്തരവ് തിയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകുന്നത്. ശ്രീമതി. പി. കെ മേരിയുടെ വിഷയത്തിൽ കോടതി വിധിന്യായം നിലനിൽക്കുന്നതിനാൽ സർക്കാർ ഉത്തരവ് തിയതി മുതൽ

സ്ഥിരപ്പെടുത്തുന്നത് സാധ്യമല്ലാത്തതിനാൽ ശ്രീമതി പി. കെ മേരിയിൽ നിന്നും സർക്കാർ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് സമ്മതമാണെന്ന സത്യവാങ്മൂലം നൽകുവാൻ ആവശ്യപ്പെടുകയും ബഹു. കേരള ഹൈക്കോടതിയുടെ 21.03.2018 ലെ WP(C) 18925/2012 നമ്പർ വിധിന്യായമനുസരിച്ച് ടിയാളെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായി സ്ഥിരം തസ്തികയിൽ നിയമിച്ച് സർക്കാർ ഉത്തരവാകുന്ന തീയതി മുതൽ ടി നിയമനം അംഗീകരിച്ച് സ്വീകരിക്കുന്നതാണെന്നും ടി നിയമനത്തിന് ടി സർക്കാർ ഉത്തരവ് തീയതിക്ക് മുൻകാലപ്രാബല്യം നൽകണമെന്ന് പിന്നീട് ആവശ്യപ്പെടുന്നതല്ല എന്നും ബോധ്യപ്പെട്ട് സമ്മതിച്ച് പരാമർശം (3) പ്രകാരം ശ്രീമതി. പി. കെ മേരി സത്യവാങ്മൂലം എഴുതി സമർപ്പിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. പി.കെ മേരിയെ ടി ഓഫീസിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സർക്കാർ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീമതി. പി.കെ മേരി, പാർട്ട് ടൈം സ്വീപ്പർ, വേങ്ങൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല (സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല.

സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം.381740/EXP-C2/5/2017-Fin. തീയതി 02.08.2018 പ്രകാരം)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EP A2/76/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ